# Athmaraksha.org

കുടുംബപ്രാർത്ഥനകൾ

## വിടുതലിനും സൗഖ്യത്തിനും വേണ്ടിയുള്ള പ്രാർത്ഥന




### വിടുതലിനും സൗഖ്യത്തിനും വേണ്ടിയുള്ള പ്രാർത്ഥന

എന്റെ കർത്താവേ എന്റെ ദൈവമേ, അങ്ങേക്ക് അസാദ്ധ്യമായി ഒന്നുമില്ല. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങ് അഭിഷേകം ചെയ്ത അവിടുത്തെ പരിശുദ്ധ ദാസനായ യേശുക്രിസ്തുവിന്റെ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്നതിനായി അവിടുത്തെ കൈകൾ എന്റെ മേൽ/ ഞങ്ങളുടെ മേൽ നീട്ടണമേ. ദുഷ്ടാരൂപികളിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. ഞങ്ങളിലുള്ള പാപത്തിന്റെയും രോഗത്തിന്റെയും തഴക്കദോഷങ്ങളുടെയും അടിമത്വത്തിന്റെ ചങ്ങല കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ വിട്ടുമാറട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. യേശുക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവരെല്ലാവരും രക്ഷ പ്രാപിക്കുമെന്ന് ഞാൻ സത്യമായും വിശ്വസിക്കുന്നു. യേശുക്രിസ്തുവിന്റെ അമൂല്യരക്തം, തിരുരക്തം ഇപ്പോൾ എന്റെമേലും എന്റെ ഭവനം മുഴുവന്റെമേലും തളിക്കണമെന്ന് പ്രാർത്ഥിക്കുന്നു. ശാരീകവും ആത്മീയവും മാനസികവുമായ പൈശാചികപീഢകൾ തിരുരക്തത്തിന്റെ ശക്തിയാൽ നീങ്ങിപോകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ദുഷ്ടാരൂപികളുടെ അടിമത്വത്തിലും അന്ധകാരത്തിന്റെ അടിമത്വത്തിലും കഴിയുന്ന മുഴവൻ ദൈവമക്കളുടെമേലും ഈ സമയം യേശുവിന്റെ തിരുരക്തം തളിക്കപ്പെടട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഞങ്ങൾക്കല്ല കർത്താവേ ഞങ്ങൾക്കല്ല അങ്ങയുടെ പരിശുദ്ധമായ നാമത്തിന് മഹത്വമുണ്ടാകട്ടെ.
അൽപസമയം അതിശക്തമായി ദൈവത്തെ സ്തുതിക്കുക.

പരിശുദ്ധ റോസ മിസ്റ്റിക്ക മാതാവിന്റെ ഏഴ് വ്യാകുലത്തിൽ നിങ്ങളുടെ ഏഴ് ആവശ്യങ്ങൾ സമർപ്പിക്കുക.

പരിശുദ്ധ അമ്മേ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ. 1. സ്വ 1. നന്മ 1. ത്രി.